കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ 50-ാം വാർഷികം

സ്വാതന്ത്ര്യാനന്തരം കേന്ദ്ര സർക്കാർ എടുത്ത ഏറ്റവും ജനാധിപത്യവിരുദ്ധമായ നടപടിയായിരുന്നു 356-ാം വകുപ്പ് ഉപയോഗിച്ച് കേരള മന്ത്രിസഭ പിരിച്ചുവിട്ടത്. പാർലമെന്ററി വ്യവസ്ഥയ്ക്കും ഫെഡറൽ സംവിധാനത്തിനും അത് ഏൽപിച്ച ക്ഷതം ചില്ലറയല്ല. കോൺഗ്രസ്സിന്റെ അധികാര കുത്തകയിൽ ആദ്യമായി വിള്ളൽ വീഴ്ത്തിയത് കേരളമായിരുന്നു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് ദേശവ്യാപകമായി ഭീഷണിയാണെന്ന് പിന്തിരിപ്പൻ ശക്തികൾ കരുതി. കോൺഗ്രസ്സിനു ബദൽ ശക്തിയായി കമ്മ്യൂണിസ്റ്റ് പാർട്ടി വളർന്നു വരികയായിരുന്നു. സർക്കാർ നടപ്പാക്കിയ പുരോഗമന പരിപാടികൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ ജനങ്ങളുടെ അംഗീകാരവും പിന്തുണയും നേടി.

## ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ ചരിത്രപ്രാധാന്യം

വെളിയം ഭാർഗവൻ

പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിലെ പുതിയൊരു അദ്ധ്യായമായിരുന്നു 1957-ൽ കേരളത്തിൽ തെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത്. സായുധ വിപ്ലവത്തിലൂടെ മാത്രമെ കമ്മ്യൂണിസ്റ്റുകാർക്ക് അധികാരത്തിൽ വരാൻ കഴിയുകയുള്ളൂവെന്നായിരുന്നു അതുവരെ ഉണ്ടായിരുന്ന ധാരണ. ഭരണാധികാരത്തിന്റെ വിഷയം ചർച്ചചെയ്യുമ്പോൾ ഏംഗൽസ് ഒരിക്കൽ പറഞ്ഞത് ബ്രിട്ടനിൽ ഒരുപക്ഷേ, തെരഞ്ഞെടുപ്പിലൂടെ തൊഴിലാളി വർഗ്ഗത്തിന് അധികാരത്തിൽ എത്താൻ കഴിഞ്ഞേയ്ക്കുമെന്നായിരുന്നു. ലോകത്ത് ആദ്യമായി കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നത് ആഗോള ശ്രദ്ധ പിടിച്ചുപറ്റി. ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകാർ അത്ഭുതത്തോടെ പുതിയ ഭരണത്തെ സ്വാഗതം ചെയ്തു. പല രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ പാർട്ടി സംസ്ഥാന സെക്രട്ടറി എം എൻ ഗോവിന്ദൻനായരെയും മുഖ്യമന്ത്രി ഇ എം എസ്സിനേയും ക്ഷണിച്ചു. എം.എൻ ബ്രിട്ടനും ഇ എം എസ്സ് സോവിയറ്റു യൂണിയനും സന്ദർശിച്ച് കേരളത്തിന്റെ അനുഭവം പങ്കുവെച്ചു. കേരളത്തിലെ സംഭവ വികാസങ്ങളറിയാൻ മറ്റു രാജ്യങ്ങളിലെ പാർട്ടികൾ അതിയായ താൽപര്യം കാണിച്ചു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭ സുഗമമായി മുന്നോട്ടുപോകാൻ പിന്തിരിപ്പൻ ശക്തികൾ അനുവദിക്കുമോ എന്ന് പല രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അന്നുതന്നെ സംശയം പ്രകടിപ്പിച്ചിരുന്നു.

കേരളത്തിലെ പാർട്ടിക്ക് 1957-ലെ വിജയം അപ്രതീക്ഷിതമായിരുന്നില്ല. വിജയിക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെയാണ് പാർട്ടി തിരഞ്ഞെടുപ്പ് മത്സരത്തിനിറങ്ങിയത്. 1954-ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് തിരഞ്ഞെടുപ്പിലെ വിജയവും തിരു-കൊച്ചി നിയമസഭ തിരഞ്ഞെടുപ്പിലെ നേട്ടവുമെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വർദ്ധിച്ചുവരുന്ന

ജനപിന്തുണയുടെയും സ്വാധീനത്തിന്റെയും ചൂണ്ടുപലകയായിരുന്നു. നിയമസഭ തിരഞ്ഞെടുപ്പിൽ പാർട്ടി തനിച്ച് മത്സരിക്കണമോ മറ്റ് ഇടതുപക്ഷ പാർട്ടികളുമായി സഖ്യമുണ്ടാക്കണമോ എന്ന കാര്യത്തിൽ പാർട്ടിക്കകത്ത് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടായിരുന്നു. തെരഞ്ഞെടുപ്പിന് മുമ്പ് നടന്ന സംസ്ഥാന സമ്മേളനത്തിൽ ഇതേക്കുറിച്ച് വിശദമായ ചർച്ച നടന്നു. ആർ എസ്സ് പി, കെ എസ്സ് പി എന്നീ ഇടതുപക്ഷ പാർട്ടികൾ അമിതമായ അവകാശവാദങ്ങളാണ് ഉന്നയിച്ചുകൊണ്ടിരുന്നത്. ഐക്യത്തിന് അനുകൂലമാണെങ്കിലും അവരുടെ അമിതമായ അവകാശവാദങ്ങൾക്ക് കീഴ്പെടരുതെന്ന പക്ഷക്കാരായിരുന്നു കൊല്ലം ജില്ലയിൽനിന്നുള്ള പ്രതിനിധികൾ. രാഷ്ട്രീയ കാരണങ്ങളെക്കാൾ പ്രാദേശികമായ പരിഗണനകൾ ഇതിനു പ്രേരകമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തി കേന്ദ്രങ്ങളായ കൊട്ടാരക്കര, കരുനാഗപ്പള്ളി താലൂക്കുകളിൽ സി പി ഐക്ക് ഒറ്റ സീറ്റും നൽകാൻ പാടില്ലെന്നായിരുന്നു ആർ എസ്സ് പിയുടെ നിലപാട്. സുഗതൻ സാർ മത്സരിച്ച അമ്പലപ്പുഴ സീറ്റുപോലും തങ്ങൾക്കു വേണമെന്ന് അവർ നിർബന്ധം പിടിക്കുന്നുണ്ടായിരുന്നു. എറണാകുളം തൃശ്ശൂർ ജില്ലകളിൽ ഭൂരിഭാഗം സീറ്റുകളിലും കെ എസ് പിയും അവകാശവാദമുന്നയിച്ചിരുന്നു ഐക്യത്തിനുവേണ്ടി അമിതമായ വിട്ടുവീഴ്ച ചെയ്യുന്നത് പാർട്ടി സഖാക്കളുടെയും നമ്മുടെ അനുഭാവികളുടെയും മനോവീര്യം തകർക്കുമെന്ന് ഞങ്ങൾ വാദിച്ചു. എന്തു വിട്ടുവീഴ്ച ചെയ്തും ഐക്യമുണ്ടാക്കണമെന്ന അഭിപ്രായക്കാരുമുണ്ടായിരുന്നു. മലബാറിൽ നിന്നുള്ള സഖാക്കളായിരുന്നു ഇവരിൽ അധികവും ചർച്ചയ്ക്ക് മറുപടി പറഞ്ഞ പാർട്ടി സെക്രട്ടറി എം. എൻ ന്യായമായ വിട്ടുവിഴ്ച ചെയ്യാൻ തയ്യാറാകണമെന്നും എന്നാൽ അമിതമായ അവകാശവാദങ്ങൾക്ക് വഴങ്ങരുതെന്നും വ്യക്തമാക്കി ഒറ്റയ്ക്ക് മത്സരിച്ചാലും ഭൂരിപക്ഷം നേടി അധികാരത്തിൽ എത്തുമെന്ന മുദ്രാവാക്യമാണ് മുന്നോട്ടു വെയ്ക്കേണ്ടത്. വിജയിക്കാനുള്ള കാലാവസ്ഥയുണ്ട്. ജനങ്ങളുടെ മനോഭാവം പാർട്ടിക്ക് അനുകൂലമാണ്. എം എന്റെ വിശദീകരണത്തോടെ റിപ്പോർട്ട് സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു. 1957-ലെ തിരഞ്ഞെടുപ്പിൽ പാർട്ടി അവലംബിച്ച അടവിന്റെ ശിൽപി. എം എൻ ആയിരുന്നു. എന്ന് പാർട്ടി കേന്ദ്ര നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഇ. എം. എസ്സിനെ നിയമസഭ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കണമെന്ന് നിർബന്ധിച്ചതും എം. എൻ ആയിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾമാത്രം ഉൾപ്പെട്ടതായിരുന്നില്ല ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ വി. ആർ. കൃഷ്ണയ്യർ, മുണ്ടശ്ശേരി മാസ്റ്റർ ഡോ. എ. ആർ. മേനോൻ എന്നിവർ പാർട്ടി അംഗങ്ങളായിരുന്നില്ല. നിയമജ്ഞനും സാമൂഹ്യ പ്രവർത്തകനുമെന്ന നിലയിൽ പ്രശസ്തമായ കൃഷ്ണയ്യർ കഴിവുറ്റ ഭരണാധികാരിയാണെന്ന് ചുരുങ്ങിയകാലം കൊണ്ട് തെളിയിച്ചു. കേരളത്തിന്റെ നദീജലസമ്പത്ത് വിനിയോഗിക്കുന്നതിന് കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപം നൽകിയ മാസ്റ്റർ പ്ലാൻ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിനും ഭരണ നൈപുണ്യത്തിനുമുള്ള തെളിവാണ് ഇന്ന് കേരളത്തിലുള്ള മിക്ക ജലസേചന പദ്ധതികളുടെയും തുടക്കം ആ മാസ്റ്റർ പ്ലാനിൽ നിന്നാണ്. സ്വാതന്ത്ര്യ സമര സേനാനിയും പ്രഗത്ഭനായ ഭിഷഗ്വരനുമായ ഡോ. എ. ആർ. മേനോൻ ആരോഗ്യ സേവന രംഗത്തിന്റെ വികസനത്തിനുള്ള നിരവധി പദ്ധതികൾക്ക്

തുടക്കമിട്ടു. വിദ്യാഭ്യാസ വിചക്ഷണൻ, സാഹിത്യ വിമർശകൻ, പ്രഭാഷകൻ തുടങ്ങിയ നിലകളിൽ അനന്യമായ സ്ഥാനമുള്ള പണ്ഡിതനായിരുന്നു പ്രൊഫ മുണ്ടശ്ശേരി. കേരളത്തിന്റെ സമഗ്ര വികസനത്തെ വിശാല വീക്ഷണത്തോടെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സമീപിച്ചത്. ഓരോ രംഗത്തെയും വിദഗ്ദ്ധരുടെ സേവനം സംസ്ഥാനത്തിന്റെ വികസനത്തിന് പരമാവധി പ്രയോജനപ്പെടുത്തുക എന്നതായിരുന്നു പാർട്ടിയുടെ കാഴ്ചപ്പാട്

മന്ത്രിസഭ സ്ഥാനമേറ്റനാൾ മുതൽ അതിന്റെ കഥ കഴിക്കണമെന്ന് നിർബന്ധ ബുദ്ധിയോടെയാണ് കോൺഗ്രസ്സ് നീങ്ങിയത്. എല്ലാ പിന്തിരിപ്പൻ ശക്തികളുടെയും പിന്തുണയും സഹായവും അവർക്കുണ്ടായിരുന്നു. എന്നാൽ ഭീഷണികളൊന്നും കൂസാതെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോയി അടിസ്ഥാനപരമായ മാറ്റങ്ങൾ ലക്ഷ്യം വെച്ചുള്ള പരിപാടികൾക്കാണ് മന്ത്രിസഭ മുൻഗണന നൽകിയത്. ദേശീയ പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനങ്ങളുടെയും മുദ്രാവാക്യമായ ഭൂപരിഷ്കരണമായിരുന്നു. ഒന്നാമത്തേത് ജന്മിത്വത്തിനെതിരായ ത്യാഗോജ്ജ്വല സമരത്തിലൂടെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ വേരുറപ്പിച്ചത്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും നേരെ നൂറ്റാണ്ടുകളായി നിഷ്ഠൂരമായ ആക്രമണങ്ങളാണ് ജന്മിമാർ അഴിച്ചുവിട്ടിരുന്നത്. കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ഭൂമിയിൽ അവകാശമില്ല. എപ്പോൾ വേണമെങ്കിലും അവരെ കുടിഒഴിപ്പിക്കാം. അവരുടെ കുടിലുകൾ ചാമ്പലാക്കാം, അവരുടെ സ്ത്രീകളെ മാനഭംഗപ്പെടുത്താം. ഈ കാട്ടുനീതിക്ക് എതിരെ ജീവൻ കൊടുത്തു പൊരുതിയത് കമ്മ്യൂണിസ്റ്റുകാരാണ്. ജന്മിമാർക്ക് ഭരണാധികാരികളുടെ പൂർണ്ണ പിന്തുണ ഉണ്ടായിരുന്നു. ജന്മിമാരുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ അക്രമങ്ങളിൽ നിരവധി കമ്മ്യൂണിസ്റ്റുകാർ രക്തസാക്ഷികളായി. ജന്മിത്വത്തിന് അറുതി വരുത്തുന്ന നടപടിക്ക് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഏറ്റവും മുൻഗണ നൽകിയത് സ്വാഭാവികം മാത്രം അധികാരത്തിലേറി ആറാമത്തെ ദിവസം കുടിഒഴിപ്പിക്കൽ നിരോധിച്ചുകൊണ്ട് ഓർഡിനൻസിറക്കി ലക്ഷക്കണക്കിനു കുടിയാന്മാരും കുടികിടപ്പുകാരും ഒഴിപ്പിക്കൽ ഭീഷണിയിൽ നിന്നു മോചനം നേടി. തിരുവിതാംകൂറിൽ പ്രത്യേകിച്ച് നെടുമങ്ങാട്, കടയ്ക്കൽ, ചിതറ പ്രദേശങ്ങളിൽ കർഷകരെ കൊടിയ ചൂഷണത്തിനു വിധേയമാക്കിയതു കുത്തകപാട്ട വ്യവസ്ഥയായിരുന്നു. ഈ മേഖലകളിൽ വനപ്രദേശങ്ങൾ കയ്യേറി നൂറുകണക്കിനു ഏക്കർ കൃഷിയോഗ്യമാക്കിയിരുന്നു. ധനാഢ്യരായ ചുരുക്കം ചിലർ കുത്തകപാട്ട വ്യവസ്ഥയിൽ ഭൂമി കയ്യടക്കി. കൃഷിക്കാർക്ക് ഒരവകാശവുമില്ല ഭൂപ്രഭുക്കളുടെ കിരാത വാഴ്ചയ്ക്ക് എതിരെ കൃഷിക്കാർക്കിടയിൽ കടുത്ത രോഷമുണ്ടായിരുന്നു. പ്രസിദ്ധമായ കടയ്ക്കൽ ലഹളയുടെ മുഖ്യകാരണം തന്നെ കുത്തക പാട്ടവ്യവസ്ഥയായിരുന്നു. കുത്തകപാട്ട വ്യവസ്ഥയ്ക്ക് എതിരായ വീറുറ്റ സമരങ്ങളിലൂടെയാണ് ഈ പ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ചുവടുറപ്പിച്ചത് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കുത്തക പാട്ട വ്യവസ്ഥ റദ്ദാക്കി ഭൂപ്രഭുക്കൾക്ക് കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധി 10 ഏക്കറായി പരിമിതപ്പെടുത്തി. ബാക്കി ഭൂമി കർഷകർക്ക് വീതിച്ചു നൽകി.

സമഗ്രമായ ഭൂപരിഷ്ക്കരണ നിയമത്തിന്റെ മുന്നോടിയായാണ് കുടിയൊഴിപ്പിക്കൽ നിരോധിക്കുകയും കുത്തക പാട്ടവ്യവസ്ഥ റദ്ദാക്കുകയും ചെയ്തത്. ഭൂപരിഷ്ക്കരണ നിയമത്തിനു രൂപം നൽകാൻ ത്വരിതഗതിയിൽ നടപടികൾ തുടങ്ങി. മലബാറിലെയും തിരുവിതാംകൂറിലെയും ഭൂഉടമാ ബന്ധ*ങ്ങളിൽ വലിയ അന്തരമുണ്ടായിരുന്നു. തിരുവിതാംകൂറിൽ നിന്നുള്ള എം എൽ എ മാർ മലബാറി*ലും മലബാറിൽ നിന്നുള്ളവർ തിരുവിതാംകൂറിലും ആഴ്ചകൾ താമസിച്ചു ഇവ പഠിച്ചു. സി. അച്യുതമേനോൻ നേതൃത്വത്തിൽ ഇ ഗോപാലകൃഷ്ണ മോനോൻ, സി എച്ച് കണാരൻ, ഇ പി ഗോപാലൻ, ഇ ചന്ദ്രശേഖരൻനായർ, കെ ആർ ഗൗരി അമ്മ തുടങ്ങിയവർ അംഗങ്ങളായി കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയാണ് ഭൂപരിഷ്ക്കരണ നിയമത്തിന്റെ കരടു തയ്യാറാക്കിയത് ഭൂപരിഷ്ക്കരണ ബില്ലിനെതിരെ ജന്മിമാരും അവരുടെ താൽപര്യങ്ങൾക്കു നിലകൊള്ളുന്ന ശക്തികളും രംഗത്തുവന്നു. അവർ സമരം തുടങ്ങി. ഈ ഘട്ടത്തിലാണ് വിദ്യാഭ്യാസ ബില്ലിനും സർക്കാർ രൂപം നൽകിയത്. വിദ്യാഭ്യാസ രംഗത്ത് തികഞ്ഞ അരാചകത്വമാണ് നടമാടിയിരുന്നത്. അദ്ധ്യാപകർക്ക് ജോലി സ്ഥിരത ഇല്ല. തുഛമായ ശമ്പളം അതിനുതന്നെ കൃത്യതയില്ല. മാനേജ്മെന്റിനു ഇഷ്ടമുള്ളപ്പോൾ അദ്ധ്യാപകരെ പിരിച്ചു വിടാം. പി. ആർ. നമ്പ്യാർ, ടി. സി. നാരായണൻ നമ്പ്യാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അദ്ധ്യാപക പ്രസ്ഥാനം ഇതിനെതിരെ വീറുറ്റ സമരങ്ങൾ നടത്തിയിരുന്നു. വിദ്യാഭ്യാസ രംഗത്തെ അരാചകത്വം അവസാനിപ്പിക്കാനും അദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനും കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ലിന്നെതിരെ മാനേജ്മെന്റുകളും രംഗത്തുവന്നു. ക്രിസ്ത്യൻ പൗരോഹിത്യമായിരുന്നു മുൻപന്തിയിൽ "മതം അപകടത്തിൽ" എന്നായിരുന്നു അവരുടെ മുറവിളി. ദൈവവിശ്വാസികളല്ലാത്ത കമ്മ്യൂണിസ്റ്റുകാർ പള്ളിവക സ്വത്തെല്ലാം പിടിച്ചെടുക്കാൻ പോകുന്നുവെന്ന് അവർ പ്രചരിപ്പിച്ചു. മതഭ്രാന്ത് ഇളക്കിവിട്ട പ്രചരണത്തിനു വശംവദരായവർ തെരുവിലിറങ്ങി. വീട്ടിനുപുറത്തിറങ്ങാതിരുന്ന സ്ത്രീകൾപോലും രംഗത്തുവന്നു.

ഭൂപരിഷ്ക്കരണത്തിന്നെതിരായ ശക്തികളും വിദ്യാഭ്യാസ ബില്ലിനെ എതിർക്കുന്ന സാമുദായിക-മത വിഭാഗങ്ങളും സർക്കാരിന്നെതിരെ കൈകോർത്തു സമരംതുടങ്ങി. കോൺഗ്രസ്സിന്റെയും മറ്റു പ്രതിപക്ഷ കക്ഷികളുടെയും പൂർണ്ണ പിന്തുണ അവർക്കുണ്ടായിരുന്നു. കോൺഗ്രസ്സ് സമരത്തിന്റെ മുന്നണയിൽ നിലകൊണ്ടു ഇന്ദിരാഗന്ധി എ. ഐ. സി. സി. പ്രസിഡന്റായതോടെ, വിമോചന സമരത്തിൽ കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വത്തിന്റെ പങ്കു വർദ്ധിച്ചു. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ തന്നെ രാഷ്ട്രീയ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി വിമോചന സമരം മാറി. ഇത്രമാത്രം ആഭാസകരവും അക്രമാസക്തവുമായ ഒരു സമരം കേരളം കണ്ടിട്ടില്ല. തെറിവിളിയും കണ്ണിൽ കണ്ടെതെല്ലാം ആക്രമിക്കുകയുമായിരുന്നു. സമരശൈലി ജനാധിപത്യമര്യാദകളെല്ലാം കാറ്റിൽ പറത്തിയ വിമോചന സമരമാണ് കേരളത്തിലെ രാഷ്ട്രീയ രംഗത്ത് അരുതാത്ത പല ശീലങ്ങൾക്കും ശൈലികൾക്കും തുടക്കമിട്ടത്. വിമോചനസമരം കത്തിക്കാളിനിന്ന ഘട്ടിൽ പ്രധാനമന്ത്രി

പണ്ഡിറ്റ് നെഹ്റു കേരളം സന്ദർശിച്ചു. രാജ്ഭവനിൽവെച്ച് മുഖ്യമന്ത്രി ഇ. എം. എസ്സും. മന്ത്രിമാരായ അച്യുതമേനോൻ, ടി. വി. തോമസ്സ്, വി. ആർ. കൃഷ്ണയ്യർ എന്നിവരും നെഹ്റുവിനെ ചെന്നുകണ്ടു. ചർച്ചക്കിടയിൽ "ജന്മിതാൽപര്യക്കാരെയും ന്യൂനപക്ഷങ്ങളെയുമെല്ലാം നിങ്ങൾക്ക് എതിരായി ഒരുമിപ്പിക്കാൻ ഒരേസമയം നടപടി എടുത്തത് ശരിയായോ" എന്ന് നെഹ്റു ചോദിച്ചു. അതിനുമറുപടി നൽകാതെ ടി വി ഒരു മറുചോദ്യമുന്നയിച്ചു. "വിമോചന സമരത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങളെയും ആഭാസത്തരങ്ങളെയും അങ്ങേയ്ക്ക് എങ്ങനെ ന്യായീകരിക്കാൻ കഴിയും? " നെഹ്റു മൗനം പാലിച്ചതല്ലാതെ, മറുപടി ഒന്നും പറഞ്ഞില്ല.

വിമോചന സമരത്തിന്റെ പേരിൽ മന്ത്രിസഭ പിരിച്ചു വിടണമെന്നതായിരുന്നു കോൺഗ്രസ്സിന്റെ ആവശ്യം. നെഹ്റു ഇതിന് ആദ്യം തയ്യാറായിരുന്നില്ല എന്നാൽ കോൺഗ്രസ്സ് പ്രസിഡന്റായ ഇന്ദിരാഗാന്ധി നിർബന്ധം പിടിച്ചു. പലഭാഗങ്ങളിൽ നിന്നും സമ്മർദ്ദം മുറുകിയപ്പോൾ നെഹ്റു വഴങ്ങുകയായിരുന്നു. സ്വാതന്ത്ര്യാനന്തരം കേന്ദ്ര സർക്കാർ എടുത്ത ഏറ്റവും ജനാധിപത്യവിരുദ്ധമായ നടപടിയായിരുന്നു 356-ാം വകുപ്പ് ഉപയോഗിച്ചു കേരള മന്ത്രിസഭ പിരിച്ചുവിട്ടത്. പാർലമെന്ററി വ്യവസ്ഥയ്ക്കും ഫെഡറൽ സംവിധാനത്തിനും അത് ഏൽപ്പിച്ച ക്ഷതം ചില്ലറയല്ല. കോൺഗ്രസ്സിന്റെ അധികാര കുത്തകയിൽ ആദ്യമായി വിള്ളൽ വീഴ്ത്തിയത് കേരളമായിരുന്നു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് ദേശവ്യാപകമായി ഭീഷണിയാണെന്ന് പിന്തിരിപ്പൻ ശക്തികൾ കരുതി. കോൺഗ്രസ്സിനു ബദൽ ശക്തിയായി കമ്മ്യൂണിസ്റ്റുപാർട്ടി വളർന്നുവരികയായിരുന്നു സർക്കാർ നടപ്പാക്കിയ പുരോഗമന പരിപാടികൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ ജനങ്ങളുടെ അംഗീകാരവും പിന്തുണയും നേടി. കേരളത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കാലാവധി പൂർത്തിയാക്കിയാൽ ദേശീയ രാഷ്ട്രീയത്തിൽ വിലയമാറ്റങ്ങൾക്ക് അതിടയാക്കുമെന്ന് കോൺഗ്രസ്സ് നേതൃത്വം ഭയപ്പെട്ടു. എന്തുമാർഗ്ഗമുപയോഗിച്ചും സർക്കാരിനെ അട്ടിമറിക്കാൻ അവർ തയ്യാറായത് അതുകൊണ്ടാണ്. എല്ലാ സാമുദായിക വർഗ്ഗീയ ശക്തികളുമായും കൂട്ടുകൂടാൻ അവർ മടിച്ചില്ല

മന്ത്രിസഭ പിരിച്ചുവിട്ടതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനപിന്തുണയ്ക്ക് കോട്ടമെന്നും തട്ടിയില്ല. 1957ലെ തെരഞ്ഞെടുപ്പിൽ 40.74 ശതമാനം വോട്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ലഭിച്ചത്. വിമോചന സമരത്തെ തുടർന്ന് കോൺഗ്രസ്സ് നേതൃത്വത്തിൽ മറ്റ് എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചു നിൽക്കുകയും സാമുദായിക ശക്തികളുടെയെല്ലാം പിന്തുണ ഉറപ്പാക്കുകയും ചെയ്തിട്ടും സി. പി. ഐ. യ്ക്ക് 43.8 ശതമാനം വോട്ടുകിട്ടി. 1960ലെ തെരഞ്ഞെടുപ്പിനെ തുടർന്നു പട്ടത്തിന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചു. പട്ടം മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായിരുന്ന പി ടി ചാക്കോ ഒരു സൗഹൃദ സംഭാഷണത്തിനിടയിൽ പറഞ്ഞകാര്യം മറക്കാനാവില്ല. രാഷ്ട്രീയമായ അഭിപ്രായ ഭിന്നതകളുള്ളപ്പോഴും വ്യക്തിബന്ധം നിലനിർത്തുന്നതിൽ നിഷ്കർഷകാണിച്ച കോൺഗ്രസ്സ് നേതാവാണ് പി. ടി. ചാക്കോ ഒരു ദിവസം നിയമസഭാ ക്യാന്റീനിൽ വെച്ച്

സംസാരിക്കുന്നതിനിടയിൽ ചാക്കോ എന്നോട് ചോദിച്ചു "ഭൂപരിഷ്ക്കാര *ബില്ലും വിദ്യാഭ്യാ*സ ബില്ലും ഒരുമിച്ചു കൊണ്ടുവന്നത് മണ്ടത്തരമായിരുന്നില്ലെ?" ഞാൻ പറഞ്ഞു. "ബില്ലുകൾ രണ്ടും ആവശ്യമായവയാണെന്നതിൽ സംശയമില്ല ഒന്നിച്ചുവേണമായിരുന്നോ എന്നതിനെക്കുറിച്ച് ഇനി ചർച്ച ചെയ്യാം. സർക്കാർ പോയതുകൊണ്ട് ഞങ്ങൾ തകരില്ല. ഞങ്ങൾ തിരിച്ചു വരും, എന്നാൽ വിമോചന സമരത്തിന്റെ പേരിൽ സ്ത്രീകളെയും കുട്ടികളെയും തെരുവിലിറക്കി പുലഭ്യം പറയിപ്പിച്ചതിന് എന്തു ന്യായീകരണമാണുള്ളത്." ഞാൻ ചോദിച്ചു "അത് ഓർക്കുമ്പോൾ എനിത്ത് തീരാത്ത ദു:ഖമുണ്ട്." പി ടി ചാക്കോയുടെ മറുപടി ഇപ്പോഴും മനസ്സിൽ പതിഞ്ഞു കിടക്കുന്നു. നേർവഴിയ്ക്ക് ചിന്തിക്കുന്നവരെല്ലാം അതിരുകടന്ന ആഭാസത്തരമാണ് വിമോചന സമരത്തിന്റെ പേരിൽ നടന്നതെന്ന് സമ്മതിക്കുകയും അതിൽ ഖേദിക്കുകയും ചെയ്തിരുന്നു

ഇരുപത്തിയെട്ടുമാസമെ അധികാരത്തിൽ തുടർന്നുള്ളൂവെങ്കിലും 1957-ലെ മന്ത്രിസഭ നടപ്പാക്കിയ പരിപാടികളാണ് കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തെ കേരളത്തിന്റെ വികസന പാതയ്ക്ക് വഴികാട്ടിയായത്. സുസ്ഥിര ഭരണമെന്ന ജനങ്ങളുടെ അഭിലാഷത്തിന് ഒത്തുയർന്ന ആദ്യത്തെ സർക്കാർ അതായിരുന്നു. 1948 മുതൽ 56വരെയുള്ള കാലത്ത് തിരു-കൊച്ചിയിൽ കോൺഗ്രസ്സ് നേതൃത്വത്തിലും കോൺഗ്രസ്സിന്റെ പങ്കാളിത്തത്തോടും വന്ന ഒറ്റ സർക്കാറിനും ഭരണസ്ഥിരത പ്രദാനം ചെയ്യാനായില്ല എട്ടുവർഷത്തിനകം ഒമ്പതു സർക്കാറുകളാണ് മാറിമാറി വന്നത്. മൃഗീയ ഭൂരിപക്ഷമുള്ള സർക്കാറുകൾ കോൺഗ്രസ്സിലെ തമ്മിലടിയിൽ ചീട്ടുകൊട്ടാരംപോലെ തകർന്നു വീണു. 1957ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് നേരിയ ഭൂരിപഷമെ ഉണ്ടായിരുന്നുള്ളൂ. മന്ത്രിസഭയ്ക്കു പിന്തുണ നൽകിയ സ്വതന്ത്രന്മാരെ ചാക്കിടാൻ കോൺഗ്രസ്സ് പതിനെട്ടടവും പയറ്റി പല പ്രലോഭനങ്ങളും നൽകി. എന്നാൽ ഒരാളെപ്പോലും അടർത്തിയെടുക്കാൻ അവർക്ക് കഴിഞ്ഞില്ല. ഏറ്റവും ഭദ്രമായ സർക്കാറായിരുന്നു 1957-ലെത്.

കർഷകർക്ക് ആശ്വാസം പകർന്ന ഭൂപരിഷ്ക്കരണ നടപടികൾക്ക് പുറമെ കർഷകത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും തുടക്കത്തിൽതന്നെ സർക്കാർ ഫലപ്രദമായ നടപടികളെടുത്തു. കർഷകത്തൊഴിലാളികൾക്ക് ആവശ്യമായ മിനിമം കൂലി നിശ്ചയിച്ചു. ഇതിന്റെ ഫലമായി കുട്ടനാടൻ പാടങ്ങളിൽ മാത്രം ഒരു വർഷം അഞ്ചര ലക്ഷം പറനെല്ലാണ് കൂലിയായി കർഷകത്തൊഴിലാളികൾക്ക് കൂടുതൽ ലഭിച്ചത്.

കൃഷി, ജലസേചനം, വ്യവസായം തുടങ്ങിയ രംഗങ്ങളിൽ ദീർഘവീക്ഷണത്തോടെ വികസന പരിപാടികൾ ആവിഷ്ക്കരിച്ചു. 1958-59ൽ 900 ചെറുകിട ജലസേചന പദ്ധതികൾക്കാണ് രൂപം നൽകിയത്. അവയിൽ 300 എണ്ണം നാലുമാസംകൊണ്ട് പൂർത്തിയാക്കുകയും ചെയ്തു. ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതികൾ ഇത്രവേഗത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞത്.

വ്യവസായ രംഗത്തെ വളർച്ചയുടെ തെളിവാണ് ഫാക്ടറികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് രജിസ്റ്റർ ചെയ്ത ഫാക്ടറികളുടെ എണ്ണം 1958-59ൽ 1613 ൽ നിന്ന് 2128 ആയി ഉയർന്നു. തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂലിയും ബോണസ്സും ഉയർത്തി. ട്രെയിഡ് യൂണിയൻ അവകാശങ്ങൾ പരിരക്ഷിച്ചു.

വികസന പരിപാടികളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിച്ചതിനോടൊപ്പം അധികാരവികേന്ദ്രീകരണത്തിനു തുടക്കമിട്ടതും 1957ലെ മന്ത്രിസഭയാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കായി പഞ്ചായത്തു ബില്ലും ജില്ലാകൗൺസിൽ ബില്ലും അവതരിപ്പിച്ചു.

വികസനത്തോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കാനും സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സർക്കാർ സർവ്വീസിലും പ്രൊഫഷണൽ കോളേജുകളിലും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും പിന്നോക്കക്കാർക്കുമുള്ള സംവരണതോത് വർദ്ധിപ്പിച്ചത് ഇതിന്റെ ഉദാഹരണമാണ്

ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ ഇത്രയേറെ പ്രതിബദ്ധത കാണിച്ച മന്ത്രിസഭകൾ അധികമില്ല. 1957-ലെ തെരഞ്ഞെടുപ്പിൽ 94 പരിപാടികളാണ് പ്രകടന പത്രികയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വാഗ്ദാനം ചെയ്തത്. ഇരുപത്തി എട്ടുമാസത്തിനകം ഇതിൽ 72 എണ്ണം നടപ്പാക്കുകയോ നടപ്പാക്കാൻ തുടങ്ങുകയോ ചെയ്തു. എല്ലാ പിന്തിരിപ്പന്മാരുടെയും സംഘടിത ആക്രമണമുണ്ടായിട്ടും ആ സർക്കാരിന്റെ ജനപിന്തുണ ഉയർന്നതിന്റെ ഒരു കാരണം വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ കാണിച്ച ശുഷ്കാന്തിയാണ്.

1957ലെ തെരഞ്ഞെടുപ്പു പ്രകടനപത്രികയിലെ പരിപാടികൾ പൂർണ്ണമായി നടപ്പാക്കാനുള്ള സാവകാശം സർക്കാരിനു ലഭിച്ചില്ല. തുടർന്നുള്ള കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിലും പങ്കാളിത്തത്തിലും വന്ന സർക്കാറുകൾ ഈ പരിപാടികൾ പൂർത്തിയാക്കാൻ നടപടികളെടുത്തു. 1967-69 ലെ ഇടതുമുന്നണി ഭരണകാലത്ത് ഭൂ*പരിഷ്കരണബി*ൽ കൊണ്ടുവന്നു. 1970ൽ അച്യുതമേനോൻ മന്ത്രിസഭ ഒറ്റയടിക്ക് ആ നിയമം നടപ്പാക്കുകയും ജന്മിത്വത്തിന് അറുതി വരുത്തുകയും ചെയ്തു. 1957-ലെ സർക്കാർ ഏറ്റെടുത്ത ഏറ്റവും മുഖ്യ ദൗത്യം അങ്ങിനെ പൂർത്തിയാക്കി. ഇന്നത്തെ ഇടതു ജനാധിപത്യ മുന്നണി സർക്കാരിനും മാർഗ്ഗദർശകവും പ്രചോദനവുമായി നിലകൊള്ളുന്നത് 1957ലെ മന്ത്രിസഭയാണ്.